# INDIAN SCHOOL SOHAR
# PERIODIC TEST III (2023-24)
# MALAYALAM

**No. of Printed Pages – 5**
**SET -2**

**CLASS : X** **MAX. MARKS: 80**
**DATE : 29/11/2023** **TIME: 3 HOURS**

---

**GENERAL INSTRUCTIONS**

* Separate instructions are given for each section wherever necessary.

* This question paper is divided into two sections:

**SECTION A :** Reading Comprehension (V.S.A.Q)
Vocabulary Building & Prose & Poetry (M.C.Q) : 40 Marks

**SECTION B :** Grammar, Composition
Literature (Prose, Poetry & Supplementary) : 40 Marks

---

## വിഭാഗം എ

**1. താഴെകൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെകൊടുത്തിരിക്കുന്ന എട്ട് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക**
(1 x 8 Marks)

കേരള സംസ്ഥാനത്തിലും ലക്ഷദ്വീപിലും പുതുച്ചേരിയുടെ ഭാഗമായ മയ്യഴിയിലും സംസാരിക്കപ്പെടുന്ന ഭാഷയാണ് മലയാളം. ഇത് ദ്രാവിഡ ഭാഷാ കുടുംബത്തിൽ പെടുന്നു. ഇന്ത്യയിൽ ശ്രേഷ്ഠഭാഷാ പദവി ലഭിക്കുന്ന അഞ്ചാമത്തെ ഭാഷയാണ് മലയാളം. ഇന്ത്യൻ ഭരണഘടനയിലെ എട്ടാം ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഇന്ത്യയിലെ 22 ഔദ്യോഗിക ഭാഷകളിൽ ഒന്നാണ് മലയാളം. മലയാളഭാഷ കൈരളി, മലനാട് ഭാഷ എന്നും അറിയപ്പെടു ന്നു. കേരളസംസ്ഥാനത്തിലെ ഭരണഭാഷയും മലയാളമാണ്. തനതായ വ്യക്തിത്വം ഉള്ളതി നാലാണ് ദേശീയ ഭാഷയായി മലയാളം ഉൾപ്പെടുത്തിയത്. പഴയ തമിഴിനും മുൻപത്തെ മൂലദ്രാവിഡം ആകാം മലയാളത്തിന്റെ ആദ്യരൂപം എന്ന് കരുതുന്നു. കേരളത്തിനും ലക്ഷദ്വീപിനും പുറമേ തമിഴ്നാട്ടിലെ കന്യാകുമാരി, നീലഗിരി, ജില്ലകളിലും കർണാടകയുടെ കൊടക് ഭാഗങ്ങളിലും ഗൾഫ് രാജ്യങ്ങൾ സിംഗപ്പൂർ, മലേഷ്യ, എന്നിവിടങ്ങളിലെ കേരളീയ പൈതൃകമുള്ള അനേകം ജനങ്ങളും മലയാളം ഉപയോഗിച്ചുപോരുന്നു.

**ചോദ്യങ്ങൾ**

1). മലയാളം ഏതു ഭാഷാ കുടുംബത്തിൽ ഉൾപ്പെടുന്നു?

2). ഇന്ത്യൻ ഭരണഘടനയുടെ എത്രാമത്തെ ഷെഡ്യൂളിലാണ് ഔദ്യോഗിക ഭാഷകൾ ഉൾപ്പെടുന്നത്?

3). മലയാളഭാഷയുടെ ആദ്യരൂപം ഏത്?

4). ദേശീയ ഭാഷയായി മലയാളത്തെ ഉൾപ്പെടുത്താൻ കാരണമെന്ത്?

5). കന്യാകുമാരി, നീലഗിരി എന്നിവ ഏതു സംസ്ഥാനത്തിൽ ഉൾപ്പെടുന്നു?

6). ഇന്ത്യയിൽ മലയാളത്തിന് എത്രാമത് ശ്രേഷ്ഠഭാഷാ പദവിയാണ് ലഭിച്ചത്?

7). കേരള സംസ്ഥാനത്തിന് പുറമേ മലയാളം എവിടെയെല്ലാം സംസാരിക്കപ്പെടുന്നു?

8). മലയാള ഭാഷ ഏതെല്ലാം പേരുകളിൽ അറിയപ്പെടുന്നു ?

2. താഴെകൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെകൊടുത്തിരിക്കുന്ന ഏഴ് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക
(1 x 7 Marks)

സംസ്കൃത നാടകങ്ങളും കേരളത്തിലെ പ്രാചീനമായ അഭിനയ രീതികളും സമ്മേളിച്ച ഒരു ദൃശ്യ കലയാണ് കൂടിയാട്ടം. നായകനും നായികയും കൂടി രംഗപ്രവേശനം ചെയ്യുന്നതു കൊണ്ടോ നായകനും വിദൂഷകനും കൂടി ചേരുന്നതുകൊണ്ടോ ആയിരിക്കാം ഇതിന് കൂടിയാട്ടം എന്ന പേരു ണ്ടായത് എന്ന് കരുതുന്നു. ഏതായാലും ചാക്യാർ

ഏകാഭിനയമായി അരങ്ങത്തു വന്ന് ആടുന്ന രൂപത്തിൽ നിന്ന് ഒന്നിൽ കൂടുതൽ നടന്മാർ കൂടിയാടുന്ന രംഗാവിഷ്കാരം എന്ന നിലയ്ക്ക് വളർച്ച പ്രാപിച്ചപ്പോൾ ആകണം ഈ പേര് നിലവിൽ വന്നത്. കേരളത്തിൽ കൂടിയാട്ടം ക്ഷേത്ര പരിസരങ്ങ ളിൽ വച്ച് മാത്രം അവതരിപ്പിക്കാൻ അനുവാദം ഉണ്ടായിരുന്നുള്ളൂ. മിഴാവ് കൊട്ടുന്നത് നമ്പ്യാരാണ്. കഥ ഗദ്യത്തിൽ പറയുന്നതും നമ്പ്യാരാണ്. രംഗത്ത് പാട്ടുപാടി താളം പിടിക്കുന്നതും അപ്രധാന കഥാപാത്രങ്ങളുടെ സംഭാഷണ വരികൾ ചൊല്ലുന്നതും നങ്ങ്യാരമ്മമാരാണ്. ഗുരു, നാട്യാചാര്യ, വിദൂഷക രത്നം, പത്മശ്രീ എന്നീ ബഹുമതികൾക്ക് അർഹനായ മാണി മാധവ ചാക്യാരാണ് ചാക്യാർ കൂത്തിനെയും കൂടിയാട്ടത്തെയും സാധാരണക്കാരുടെ അടുത്തേക്ക് കൊണ്ടുവന്നത്.

**ചോദ്യങ്ങൾ**

1). കൂടിയാട്ടം എന്ന പേര് വരാനുണ്ടായ കാരണമെന്ത് ?

2). കൂടിയാട്ടം ഏത് വിഭാഗത്തിൽ ഉൾപ്പെടുന്നു?

3).കൂടിയാട്ടത്തിന്റെ കഥ ഗദ്യത്തിൽ പറയുന്നത് ആരാണ്?

4).ആരാണ് ഏകാഭിനയമായ കൂത്ത് അരങ്ങത്തവതരിപ്പിച്ചിരുന്നത്?

5). നമ്പ്യാർ കൊട്ടുന്ന വാദ്യത്തിന്റെ പേരെന്ത് ?

6). മാണി മാധവ ചാക്യാർക്ക് ലഭിച്ച ബഹുമതികൾ എന്തെല്ലാം?

7). പണ്ടുകാലത്ത് കൂടിയാട്ടം എവിടെയാണ് അവതരിപ്പിച്ചിരുന്നത്?

**3. താഴെ കൊടുത്തിരിക്കുന്ന പത്ത് ചോദ്യങ്ങളിൽ ഏഴെണ്ണത്തിന് ഉത്തരം കണ്ടെത്തി എഴുതുക**

(1 x 7 = 7 Marks)

3.a. ഓതം എന്ന വാക്കിന്റെ അർത്ഥം എന്താണ് ?

a. കാറ്റ് b. നനവ് c. ഓർമ്മ, d. തീരം

3. b. മേധാവി എതിർലിംഗം എന്ത്?

a. മേധിനി b. മേധാവിൻ c. മേധാവിനി d. മേധാവിണി

3. c. വികലം വിപരീതപദം എന്ത്?

a. ആവികലം b. അവികലം c. അനർവികലം d. അനുവികലം

3. d. മഞ്ഞ് എന്നതിന്റെ പര്യായപദം അല്ലാത്തത് ഏതാണ് ?

a. ഹിമം b. തുഷാരം c. നീഹാരം d. ബാഷ്പം

3. e. ദിഷ്ടം ദൃഷ്ടം അർത്ഥവ്യത്യാസം എന്ത്?

a. ഭാഗ്യം ദർശനം b. ദർശനം ഭാഗ്യം c. ഭാഗ്യം കഷ്ടം d. ബുദ്ധി ലോകം

3. f. കർമ്മം എന്നതിന്റെ നാനാർത്ഥ പദങ്ങൾ ഏതെല്ലാം ?

a. മോഹം നിരാശ b. പ്രവൃത്തി വിധി c. സുഖം –ലോകം d. രോഗം ദുഃഖം

3. g. മധുരോദാരം പിരിച്ചെഴുതുക ?

a. മധുര + ദാരം b. മധുര + ഉദാരം c. മധുരോ + ദാരം d. മധു + രോദാരം

3. h. ദൈവസാന്ദ്രം വിഗ്രഹിച്ച് എഴുതുക?

a. ദൈവത്തിന്റെ സാന്ദ്രം b. ദൈവത്താൽ സാന്ദ്രം

c. ദൈവമായ സാന്ദ്രം d. ദൈവീകസാന്ദ്രം

3. i. പരിചയം ഇല്ലാത്തവർ ഒറ്റപ്പദം ഏത് ?

a. പരിചിതർ b. അപരിചിതർ c. അപരിചിതി d. അപരിചിതിനി

3. j. ശരിയായ പദം ഇവയിൽ ഏത് ?

a. ശ്രദ്ധാഞ്ജലി b. ശ്രദ്ധാജ്ഞലി c. ശ്രദ്ധാഞ്ചലി d. ശ്രദ്ധാജലി

**4. താഴെകൊടുത്തിരിക്കുന്ന 10 ചോദ്യങ്ങളിൽ ഏതെ കിലും 9 എണ്ണത്തിന് ശരിയായ ഉത്തരം എടുത്ത് എഴുതുക**

(9 x 2 = 18 Marks)

4.a. " കാലാഹിന പരിഗ്രസ്തമാം ലോകവും "

1.ലോകത്തെ പരിഗ്രസിച്ചിരിക്കുന്നത് ആരാണ് ?

a. കാലം b. ഭോഗം c. ആലോല ചേതസ്സ് d. ദർദ്ദുരം

2. എന്തിനെ പോലെയാണ് ലോകം ഭോഗങ്ങൾ തേടുന്നത്?

a. പാമ്പിനെപ്പോലെ b. തവളയെ പോലെ c. മിത്രത്തെ പോലെ d. കളത്രത്തെ പോലെ

4.b. " ഭവാൻ,തന്നെയോർത്തിഹ തപസ്സിൽ വാണു ഞാൻ "

1.ഇവിടെ 'ഭവാൻ' എന്നു പറഞ്ഞിരിക്കുന്നത് ആരെ കുറിച്ചാണ് ?

a. നളിനിയെ b. ദിവാകരനെ c. ശ്രീരാമനെ d. ലക്ഷ്മണനെ

2. ഇവിടെ 'ഞാൻ' എന്നു പറഞ്ഞിരിക്കുന്നത് ആരെ കുറിച്ചാണ്?

a. ലക്ഷ്മണൻ b. ദിവാകരൻ c. നളിനി d. ശ്രീരാമൻ

4.c. " സ്വയം ബുദ്ധികെട്ടു കരിന്തിരിയാളും വരെയവർ "

1. സ്വയം ബുദ്ധികെട്ട് ഇവിടെ സൂചിതമാകുന്ന അമ്മയുടെ അവസ്ഥ എന്ത്?

a. ഓർമ്മകൾ നഷ്ടപ്പെടുക b. കരയുക

c. രോഗാവസ്ഥയിലാവുക d. അബോധാവസ്ഥ

2. കരിന്തിരിയാളുക എന്ന പ്രയോഗം സൂചിപ്പിക്കുന്നത് എന്ത് ?

a. അമ്മയുടെ ആസന്നമായ മരണം b. ഭാര്യയുടെ മരണം

c. മകന്റെ സ്നേഹം d. ഭാര്യയുടെ പഴി

4.d. " അന്യജീവനുതകി സ്വജീവിതം, ധന്യമാക്കുമമലേ വിവേകികൾ "

1. ഈ വരികളിൽ തെളിയുന്ന ആശാന്റെ കാവ്യ ഗുണം ഏതാണ്?

a. ഭക്തി b. തത്വചിന്ത c. സ്നേഹം d. ഫലിതം

2. നളിനി എന്ന കൃതിയുടെ മറ്റൊരു പേര് എന്ത്?

a. സ്നേഹം b. ദിവ്യ സ്നേഹം c. സ്നേഹ സാന്ദ്രം d. ഒരു സ്നേഹം )

4.e. " ഏകാന്ത ചേതസ്സാ ചെയ്ക വേണ്ടുന്നതും "

1.എന്താണ് ചെയ്യേണ്ടത്?

a. മോക്ഷാർത്ഥിയാവുക b. വിദ്യ നേടുക

c. ക്രോധം ഉപേക്ഷിക്കുക d. മുക്തിക്ക് തടസ്സം

2. ലക്ഷ്മണ സാന്ത്വനം എന്ന പാഠഭാഗം ഏത് കൃതിയിൽ നിന്നും എടുത്തതാണ്?

a. ഭഗവത് ഗീത b. അദ്ധ്യാത്മരാമായണം കിളിപ്പാട്ട്

c. മഹാഭാരതം d. ശിവരാത്രി മാഹാത്മ്യം)

4.f. " മലരിൻ കൂട നിറച്ചു വിറച്ചേ,  നിൽക്കുകയല്ലോ "

1. മലരിൻ കൂട നിറച്ചു വിറച്ചു നിൽക്കുന്നതാരാണ് ?

a. മുക്കുറ്റികൾ b. നെയ്യാമ്പലുകൾ c. തുമ്പകൾ d. താമരകൾ

2. എവിടെയാണ് നിൽക്കുന്നത് ?

a. പുഴയിൽ b. തൊടിയിൽ c. മേടുകളിൽ d. വയലേലകളിൽ

4.g. " കാലേ രാവു നിറന്ന നിലാവാൽ

എതിരേറ്റങ്ങനെ നിൽക്കും വഴിയേ

യെഴുന്നള്ളുകയായോണത്തപ്പൻ"

1. ഇവിടെ ആരാണ് ഓണത്തപ്പനെ എതിരേൽക്കുന്നത് ?

a. രാവ് b. പുള്ളുവൻ c. മേടുകൾ d. സമുദ്രങ്ങൾ

2. തൂമയിൽ എതിരേൽക്കാൻ തൂകുന്നത് എന്ത്?

a. ചന്ദനം b. നിലാവ് c. സുഗന്ധം d. പാട്ടുകൾ

4.h. " കാറ്റ് ദൈവസാന്ദ്രമായി മാറി "

1.എവിടെയാണ് കാറ്റ് ദൈവസാന്ദ്രമായത് ?

a. നെടുവരമ്പിൽ b. പുഴയിൽ c. കരിമ്പന പട്ടകളിൽ d. ചവിട്ടടി പാതയിൽ

2. കാറ്റ് പ്രധാന കഥാപാത്രമായി വരുന്ന ഒ.വി വിജയന്റെ കഥ ഏത്?

a. കാറ്റു പറഞ്ഞ കഥ b. കാറ്റിന്റെ കഥ c. കാറ്റിനോട് പറഞ്ഞതത് d. കാറ്റ്

4.i. " ആറാട്ട് കുന്നിൽ റേഡിയോയെ ഭയക്കുന്ന അപൂർവ്വം ചിലരായിരുന്നു അവർ "

1. ആരെല്ലാം ?

a. റേഡിയോ കേൾക്കാൻ താല്പര്യം ഇല്ലാത്തവർ b. ചെമ്പു മത്തായിയും കുഞ്ഞനവും,

c. ചാക്കുണ്ണിക്ക് തയ്യൽ കൂലി കൊടുക്കാനുള്ളവർ d. റേഡിയോയുടെ ആസ്വാദകർ

2. പണയം എന്ന കഥ രചിച്ചതാര് ?

a. ഇ.സന്തോഷ് കുമാർ b. ഒ വി വിജയൻ

c. റഫീഖ് അഹമ്മദ് d. ടി പത്മനാഭൻ

4.j. " ഗുരുഘാതികൾക്ക് കുലപാംസന ലോകങ്ങളില്ല "

1. ആരുടെ വാക്കുകളാണിത്?

a. കൃപരുടെ b. ദ്രൗണിയുടെ c. ദുര്യോധനന്റെ d. ധൃഷ്ടദ്യുമ്നന്റെ

2. ആരാണ് ഇവിടെ ഗുരുഘാതി?

a. അർജുനൻ b. ധൃഷ്ടദ്യുമ്നൻ c. ദുര്യോധനൻ d. ദുശ്ശാസനൻ

## വിഭാഗം ബി

5.

**5.a. അംഗവാക്യം- അംഗിവാക്യം വേർതിരിച്ച് എഴുതുക** (2 x 1 = 2 Marks)

1. അയാൾ വരമ്പു മുറിച്ചു കടക്കുമ്പോൾ എതിരെ വരുന്നവർ റേഡിയോ ശ്രദ്ധിക്കുമായിരുന്നു.
2. പാഴു തറയുടെ നെടുവരമ്പ് കടന്നാൽ ലോകം മുഴുവൻ അപരിചിതരാണ്.

**5.b. വാക്യത്തിൽപ്രയോഗിക്കുക ഏതെങ്കിലും 2 എണ്ണം** (2 x 1 = 2 Marks)

1. തൊണ്ടയിടറി 2. അപരിചിതർ 3. അസാധ്യം.

**5.c. വാക്യത്തിൽതെറ്റുണ്ടെങ്കിൽ തിരുത്തുക** (2 x 1 = 2 Marks)

1.. കണ്ണുണ്ണി ശ്രവണത്തിനും കേൾവിക്കും അപ്പുറത്തുള്ള ഒരു സ്ഥായിയിൽ നിലവിളിച്ചു.

2. ആറാട്ട് കുന്നിൽ റേഡിയോ വാങ്ങിച്ച ആദ്യ പ്രഥമ പൗരൻ ചാക്കുണ്ണി ആയിരുന്നു.

**5.d. പ്രയോഗം മാറ്റുക** (2 x 1 = 2 Marks)

1. ചാക്കുണ്ണി ബാറ്ററിപ്പൊതി തുറന്ന് ദൈന്യത്തോടെ നോക്കി.
2. പുലർച്ചയ്ക്കു മുമ്പ് കൊമ്പുവിളികൾ മുഴങ്ങുന്നത് വെള്ളായിയപ്പൻ കേട്ടു.

**6.a. ഏതെങ്കിലും ഒരുവിഷയത്തെക്കുറിച്ച് ഒന്നരപ്പുറത്തിൽ കവിയാതെ ഉപന്യാസം എഴുതുക.**

(1 x 5 = 5 Marks)

1. ലഹരിക്കടിമപ്പെടുന്ന യുവത്വം.
2. പ്ലാസ്റ്റിക് ഉയർത്തുന്ന ഭീഷണി.

**6.b. കത്ത് തയ്യാറാക്കുക** (1 x 5 = 5 Marks)

1. ഇന്ത്യയുടെ ബഹിരാകാശ വിക്ഷേപണമായ ചന്ദ്രയാൻ 3 ന്റെ വിജയത്തെ തുടർന്ന് ഐ.എസ്.ആർ.ഒ ചെയർമാനെ അഭിനന്ദിച്ചുകൊണ്ട് ഒരു കത്ത് തയ്യാറാക്കുക.

**6.c. പത്രവാർത്ത തയ്യാറാക്കുക.** (1 x 4= 4Marks)

റോഡ് അപകടങ്ങൾ വർധിച്ചുവരുന്ന സാഹചര്യത്തിൽ ഗതാഗത നിയമങ്ങൾ പാലിക്കേണ്ടന്റെ ആവശ്യകത മുൻനിർത്തി ഒരു പത്രവാർത്ത തയ്യാറാക്കുക.

**7. ഏതെങ്കിലും രണ്ട് ചോദ്യത്തിന് ഉത്തരം എഴുതുക** (2 x 3 = 6 Marks)

7.a. അമ്മത്തൊട്ടിൽ എന്ന ശീർഷകത്തിന്റെ ഔചിത്യം വിശദമാക്കുക.

7.b. ക്രോധം പരിത്യജിക്കേണം ബുധജനം' എഴുത്തച്ഛന്റെ വരികളുടെ സമകാലിക പ്രസക്തി വിശദമാക്കുക.

7.c. മലയാള ദേശം ഓണത്തെ സ്വീകരിക്കുന്നത് എങ്ങനെയെന്ന് ഓണമുറ്റത്ത് എന്ന കവിതയെ ആസ്പദമാക്കി എഴുതുക.

**8. ഏതെങ്കിലും രണ്ടുചോദ്യത്തിന് ഉത്തരംഎഴുതുക** (2 x 3 = 6 Marks)

8.a. ചെമ്പുമുത്തായി എന്ന കഥാപാത്രത്തെ വിലയിരുത്തി കഥാപാത്രനിരൂപണം തയ്യാറാക്കുക.

8.b. കടൽത്തീരത്ത് എന്ന ശീർഷകത്തിന്റെ ഔചിത്യം വിശദമാക്കുക.

8.c. തനിക്ക് സ്വർഗ്ഗ പ്രാപ്തി ലഭിക്കുമെന്ന് ദുരോധനൻ ബലമായി വിശ്വസിച്ചതിന്റെ അടിസ്ഥാനം എന്ത് ?

**9. ഏതെങ്കിലും രണ്ട് ചോദ്യത്തിന് ഉത്തരം എഴുതുക** (2 x 3 = 6 Marks)

9.a. കുഞ്ഞൻപിള്ളയ്ക്ക് ചട്ടമ്പി എന്ന വിശേഷണം ലഭിക്കാനിടയായ സാഹചര്യം എന്ത്?

9.b. ഏറ്റുമാനൂർ ക്ഷേത്രത്തിൽ വച്ചുണ്ടായ രസകരമായ സംഭവം?

9.c. ചട്ടമ്പിസ്വാമികളുടെ ജീവിതശൈലിയെ പറ്റി വിവരിക്കുക.

***********